(എ) മഞ്ചേരി, അരീക്കോട്, കൊണ്ടോട്ടി പോലീസ് സ്റ്റേഷനുകളിൽ 2004-2005-ൽ എത്ര കൊലപാതക കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ തെളിയിക്കപ്പെടാത്ത കേസ്സുകൾ എത്ര എന്നും തെളിയിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) മഞ്ചേരി പോലീസ് സ്റ്റേഷൻ പരിധിയിൽ നൈറ്റ് പട്രോളിംഗ് നടത്തുന്നത് മേലുദ്യോഗസ്ഥൻമാർ പരിശോധിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ)

	2004	2005
മഞ്ചേരി പോലീസ് സ്റ്റേഷൻ	-	2
അരീക്കോട് പോലീസ് സ്റ്റേഷൻ	2	-
കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ	3	-

(ബി) ടി കേസ്സുകളിൽ തെളിയിക്കപ്പെടാത്തവ ഇല്ല.

(സി) ഉണ്ട്.

(ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ക്രിമിനൽ കേസ്സുകൾ

61. (61) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 വർഷത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രിമിനൽ കുറ്റങ്ങ ളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എല്ലാറ്റിലും കൂടി ആകെ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകളിൽ കുറ്റവാളി കളെ പിടികൂടാൻ കഴിയാത്ത എത്ര കേസ്സ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനങ്ങളും അമർച്ച ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കു കയുണ്ടായോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	..	26029
	കൊല്ലം	..	14759
	പത്തനംതിട്ട	..	5817
	ആലപ്പുഴ	..	9497
	കോട്ടയം	..	9485
	ഇടുക്കി	..	5494
	എറണാകുളം	..	23845
	തൃശ്ശൂർ	..	21780
	പാലക്കാട്	..	9840
	മലപ്പുറം	..	12017
	കോഴിക്കോട്	..	11909
	വയനാട്	..	3422
	കണ്ണൂർ	..	7459
	കാസർഗോഡ്	..	4988
	റെയിൽവെ	..	335
	ക്രൈംബ്രാഞ്ച്	..	17
	ആകെ	..	166501

(ബി) റോഡപകടങ്ങൾ ഉൾപ്പെടെയുള്ള ക്രൈം കേസുകളിൽ 3663 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) 11201 കേസുകൾ

(ഡി, ഇ) സംഘടിത കുറ്റകൃത്യങ്ങളും അക്രമ പ്രവർത്തനങ്ങളും തടയുന്നതിനും പൊതുജനങ്ങളുടെ സൈര്യ ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്ന ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾക്കുപുറമെ, കർശന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കേരളാ പൊലീസ് അസോസിയേഷൻസ് (പ്രിവൻഷൻ) ഓർഡിനൻസ്, 2005 പുറപ്പെടുവിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത കേസ്സുകൾ

62. [62] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly